# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1062 01/03/2017-ൽ മറുപടിയ്ക്ക്

### ഹോട്ടൽ ക്രൗൺ പ്ലാസയ്ക്ക് നൽകിയ ബാർ ലൈസൻസ് റദ്ദാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി ജോർജ്ജ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരത്തു നിന്നും വിവരാവകാശ നിയമപ്രകാരം നൽകിയ കത്ത് നമ്പർ Q5-40706/2016 dt 28.12.2016 പ്രകാരമുള്ള മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം എറണാകുളം, മരടിലുള്ള ഹോട്ടൽ ക്രൗൺ പ്ലാസയ്ക്ക് നൽകിയ ബാർ ലൈസൻസ് റദ്ദാക്കണമെന്നുള്ള ശിപാർശയിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) വിജിലൻസ് വകുപ്പിന്റെ QV-1/16 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) വളരെ പ്രകടമായും നിയമവിരുദ്ധമായും നൽകിയതാണ് ക്രൗൺപ്ലാസ ഹോട്ടലിന്റെ ബാർ ലൈസൻസെന്ന് അന്വേഷണങ്ങളിൽ ബോധ്യപ്പെട്ടിട്ടും നാളിതുവരെയായി ഈ ഹോട്ടലിന്റെ ബാർ ലൈസൻസ് റദ്ദു ചെയ്യാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; | (ബി) നിയമപരമായി ലൈസൻസ് റദ്ദാക്കുന്നതിന് കാരണംകാണിക്കൽ നോട്ടീസ് ലൈസൻസിയ്ക്ക് നൽകേണ്ടതുണ്ട്. ആയത് പ്രകാരം ലൈസൻസിയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത ഹോട്ടലിനോട് ചേർന്ന് ഏതെങ്കിലും ക്ഷേത്രം സ്ഥിതി ചെയ്യുന്നുണ്ടോ; | ഉണ്ട്. |
| (ഡി) ക്ഷേത്രവും ഈ ഹോട്ടലുമായിട്ടുള്ള ദൂരപരിധി എത്രയെന്ന് വ്യക്തമാക്കുമോ? | ഹോട്ടലിന്റെ പടിഞ്ഞാറു ഭാഗത്തുള്ള പ്രധാനഗേറ്റിൽ നിന്നും വടക്ക്-കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ദൈവപുരയ്ക്കൽ ക്ഷേത്രത്തിന്റെ മുൻഗേറ്റ് വരെ 350 മീറ്റർ ദൂരവും ഹോട്ടലിന്റെ വടക്ക് കിഴക്ക് സ്ഥാപിച്ചിരിക്കുന്ന ഗേറ്റിൽ നിന്നും ക്ഷേത്രത്തിന്റെ മുൻഭാഗത്ത് സ്ഥാപിച്ചിരിക്കുന്ന ഗേറ്റ് വരെ 14 മീറ്റർ ദൂരവുമാണുള്ളത്. |

Sreedevi

സെക്ഷൻ ഓഫീസർ